പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 637 31-10-2011 ന് മറുപടിക്ക്

## സ്വാഭാവിക വനങ്ങളുടെ പരിപാലനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. എ. മാധവൻ:<br>" ബെന്നി ബെഹനാൻ:<br>" ഹൈബി ഈഡൻ: | ശ്രീ. കെ. ബി. ഗണേഷ്കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |

(എ) സ്വാഭാവിക വനങ്ങളുടെ പരിപാലനത്തിന് എന്തെല്ലാം പദ്ധതികളാണ് വിഭാവനം ചെയ്തിരിക്കുന്നത്;

(എ) സ്വാഭാവിക വനങ്ങളുടെ പരിപാലനത്തിനായി താഴെപറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. വനാതിർത്തികൾ സർവ്വേ ചെയ്ത് അതിർത്തികളിൽ ജണ്ടകളും കയ്യാലകളും നിർമ്മിച്ച് സുരക്ഷിതമാക്കുന്ന പദ്ധതി.
2. വനസമ്പത്ത് കാത്തുസൂക്ഷിക്കുന്നതിനും വനം കയ്യേറ്റം തടയുന്നതിനുമുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കാൻ ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിക്കുന്ന പദ്ധതി. ഫോറസ്റ്റ് സ്റ്റേഷനുകൾ എല്ലാ ഡിവിഷനുകളിലും രൂപീകരിക്കുന്ന കാര്യം പരിഗണനയിലാണ്.
3. വനങ്ങളേയും, വന്യജീവികളേയും കാട്ടുതീയിൽ നിന്ന് സംരക്ഷിക്കുന്ന

| | | | |
|---|---|---|---|
| | | | ശ്രമങ്ങൾ യഥാസമയം കണ്ടെത്തി അവ തടയുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (ബി) | വനാതിർത്തികളുടെ സർവ്വേ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; | (ബി) | വനാതിർത്തികളുടെ സർവ്വേ നടത്തി ജണ്ടകൾ സ്ഥാപിക്കുന്ന ജോലി ഭൂരിപക്ഷം വനാതിർത്തികളിലും പൂർത്തിയായിട്ടുള്ളതും ഇനി ബാക്കിയുള്ള സ്ഥലങ്ങളിൽ സർവ്വേ പൂർത്തിയാക്കി ജണ്ടകൾ സ്ഥാപിക്കുന്ന ജോലി പുരോഗമിച്ചും വരുന്നു. |
| (സി) | നാശം സംഭവിച്ച വനങ്ങൾക്കു പകരം വനം വച്ചുപിടിപ്പിക്കുവാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്? | (സി) | നാശം സംഭവിച്ച വനങ്ങൾ പുനരുദ്ധരിക്കുന്നതിനായി കേന്ദ്രാവിഷ്കൃത പദ്ധതികളായ ദേശീയ വനവൽക്കരണ പദ്ധതി, ഗ്രീനിംഗ് ഇന്ത്യാ പദ്ധതി, നാഷണൽ മെഡിസിനൽ പ്ലാന്റ്സ് ബോർഡ് സഹായത്തോടെയുള്ള ഔഷധ തോട്ട പദ്ധതി, സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന ക്ഷയോൻമുഖമായ വനങ്ങളുടെ പുനരുദ്ധാരണ പദ്ധതി, സാമൂഹിക വനവൽക്കരണ പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

തിനുള്ള പദ്ധതികൾ.

4. വനസംരക്ഷണവും അഗ്നിപ്രതിരോധ പ്രവർത്തനങ്ങളും കൂടുതൽ ഫലപ്രദമാക്കാൻ പങ്കാളിത്ത വന പരിപാലന പദ്ധതിയും, പങ്കാളിത്ത കാട്ടുതീ നിയന്ത്രണ പദ്ധതിയും.
5. വനം കുറ്റകൃത്യങ്ങളെ സംബന്ധിച്ച് അന്വേഷണം ഫലപ്രദമാക്കാൻ വനം വകുപ്പിലെ വിജിലൻസ് വിഭാഗത്തിൻ കീഴിൽ ഒരു ഇന്റലിജൻസ് സെൽ രൂപീകരിച്ച് പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്.
6. വനത്തിനുള്ളിലെ കഞ്ചാവ് കൃഷിയും, വ്യാജചാരായ വാറ്റും നിർമാർജ്ജനം ചെയ്യാൻ വനം വകുപ്പ് നേരിട്ടും, പോലീസ്, എക്സൈസ് ഉദ്യോഗസ്ഥരുമായി ചേർന്നും റെയിഡുകളും മറ്റ് അന്വേഷണങ്ങളും നടത്തിവരുന്നുണ്ട്.
7. ജൈവ വൈവിദ്ധ്യത്തിന്റേയും വന്യജീവികളുടെയും സംരക്ഷണം ഉറപ്പാക്കുന്നതിന് സംരക്ഷിത മേഖലകൾ രൂപീകരിച്ച് പ്രത്യേക സംരക്ഷണ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.

സംസ്ഥാനത്തെ വനം കയ്യേറ്റ